**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **03-03-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സ സഹായത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ കൊഴുവനാൽ പഞ്ചായത്തിൽ വയലിൽ ഹൗസ് 10/256-ൽ താമസക്കാരിയായ ശ്രീമതി സ്മിത ആന്റണിയുടെ കുട്ടികളുടെ അപൂർവ്വരോഗത്തിന്റെ ചികിത്സ സഹായത്തിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ശ്രീമതി.സ്മിതാ ആന്റണിയുടെ കുട്ടികൾക്ക് ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ട് 25.07.2021 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ എന്നിവർക്ക് 20.12.2021 ൽ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ആരോഗ്യ സ്ഥിതി അറിയുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ചൈൽഡ് ഹെൽത്ത് ഡിവിഷനിൽ നിന്നും കുട്ടികളുടെ മാതാപിതാക്കളെ ബന്ധപ്പെടുകയും എസ്.എറ്റി. ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലെ അഡീഷണൽ പ്രൊഫസർ & ജനിറ്റിസിസ്റ്റ് ഡോക്ടർ വി.എച്ച്.ശങ്കർ കുട്ടികളെ പരിശോധിക്കുകയും ജനിതക പരിശോധനയും തുടർ ചികിത്സയും നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ചികിത്സക്കുള്ള മരുന്നുകൾ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ നിന്നോ ആരോഗ്യ കിരണം പദ്ധതി പ്രകാരമോ സൗജന്യമായി ലഭിക്കുന്നതാണെന്നും അറിയിച്ചിരുന്നു. കൂടാതെ ആവശ്യമായ തെറാപ്പി കോട്ടയത്തുള്ള ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ മുഖേനയും നടത്താമെന്നും അറിയിച്ചിരുന്നു. കൂടാതെ ജനിതക പരിശോധനയ്ക്ക് ആവശ്യമായ തുക അനുവദിക്കണം എന്ന ശ്രീമതി. സ്മിതാ ആന്റണിയുടെ അപേക്ഷ പരിഗണിച്ച് 35,000/- രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിക്കുകയും ജനിതക പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ തീർപ്പാക്കിയില്ലെങ്കിൽ കുട്ടികളുടെ അപൂർവ്വ രോഗാവസ്ഥ പരിഗണിച്ച് ചികിത്സ സഹായം എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രീമതി.സ്മിതാ ആന്റണിയുടെ കുട്ടികൾക്ക് ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ട് 25.07.2021 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ എന്നിവർക്ക് 20.12.2021 ൽ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ആരോഗ്യ സ്ഥിതി അറിയുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ചൈൽഡ് ഹെൽത്ത് ഡിവിഷനിൽ നിന്നും കുട്ടികളുടെ മാതാപിതാക്കളെ ബന്ധപ്പെടുകയും എസ്.എറ്റി. ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലെ അഡീഷണൽ പ്രൊഫസർ & ജനിറ്റിസിസ്റ്റ് ഡോക്ടർ വി.എച്ച്.ശങ്കർ കുട്ടികളെ പരിശോധിക്കുകയും ജനിതക പരിശോധനയും തുടർ ചികിത്സയും നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ചികിത്സക്കുള്ള മരുന്നുകൾ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ നിന്നോ ആരോഗ്യ കിരണം പദ്ധതി പ്രകാരമോ സൗജന്യമായി ലഭിക്കുന്നതാണെന്നും അറിയിച്ചിരുന്നു. കൂടാതെ ആവശ്യമായ തെറാപ്പി കോട്ടയത്തുള്ള ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ മുഖേനയും നടത്താമെന്നും അറിയിച്ചിരുന്നു. കൂടാതെ ജനിതക പരിശോധനയ്ക്ക് ആവശ്യമായ തുക അനുവദിക്കണം എന്ന ശ്രീമതി. സ്മിതാ ആന്റണിയുടെ അപേക്ഷ പരിഗണിച്ച് 35,000/- രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിക്കുകയും ജനിതക പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ